
# PKSHSS KANJIRAMKULAM

## LITTLE KITES MAGAZINE



## ആമുഖം

വിവരവിനിമയ സാങ്കേതികവിദ്യ സാധ്യതകളുടേയും പ്രായോഗിക ഉപയോഗത്തിന്റെ കാര്യത്തിലും സർവ്വവ്യാപിയായി തീർന്നിരിക്കുന്നു.ഇന്നത്തെ തലമുറയിൽ വിവരവിനിമയ സാങ്കേതിക വിദ്യ വിപുലവും വിസ്മയകരമായ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. അതിന് ഉദാഹരണമാണ് വാട്സ് ആപ് ,ഫെയ്സ് ബുക്ക് തുടങ്ങിയവ.

വിവരവിനിമയ സാങ്കേതിക വിദ്യയുടെ സങ്കേതങ്ങൾക്കും ഉപകരണങ്ങൾക്കും പുതിയ തലമുറയിൽ വലിയ പങ്കുവഹിക്കാനാകും എന്ന ബോധ്യത്തിൽ നിന്നാണ് ഈ സങ്കേതങ്ങൾ സമർത്ഥമായും ഫലപ്രദമായും ഉപയോഗിക്കാൻ വൈദഗ്ധ്യവും അഭിരുചിയുമുള്ള വിദ്യർത്ഥികളെ രൂപപ്പെടുത്തി എടുക്കാനുമാണ് നാം നിരന്തരം ശ്രമിക്കുന്നത്.ഇതിന്റെ തുടർച്ചയായി സാങ്കേതിക വിദ്യയോടുള്ള പുതു തലമുറയുടെ ആഭിമുഖ്യം ഗുണകരമായും സർഗാത്മകമായും പ്രയോജനപ്പെടുത്തുന്നതിനു വേണ്ടിയാണ് സ്‌കൂളുകളിൽ "ലിറ്റിൽ കൈറ്റ്സ് "യൂണിറ്റുകൾ ആരംഭിച്ചിരിക്കുന്നത്.

ലിറ്റിൽ കൈറ്റ്സ് പദ്ധതിയിൽ അംഗങ്ങളായ വിദ്യർത്ഥികൾക്ക് പരിശീലന കാലയളവിൽ വിവിധ മേഖലകൾ പരിചയപ്പെടുത്തുകയും ,പരിശീലനം നൽകുകയും ചെയ്യുന്നു.ഗ്രാഫിക്സ് & ആനിമേഷൻ ,സ്ക്രാച്ച് പ്രോഗ്രാമിങ്,പൈത്തൺപ്രോഗ്രാമിങ് മൊബൈൽ ആപ് നിർമ്മാണം,റോബോട്ടിക്സ്,ഇലട്രോണിക്സ്, ഹാർഡ് വെയർ, മലയാളംകമ്പ്യൂട്ടിങ്, ഡെസ്ക്ടോപ് പബ്ലിഷിങ്,ഇന്റെർനെറ്റും സൈബർ സുരക്ഷയും എന്നിങ്ങനെ വിവിധ മേഖലകളിലാണ് കുട്ടികൾക്ക് പരിശീലനം നൽകുന്നത്.

ലിറ്റിൽ കൈറ്റ്സിലെ പഠനമേഖലയായ മലയാളം കമ്പ്യൂട്ടിങ് ഡെസ്ക്ടോപ് പബ്ലിഷിങ് എന്ന മൊഡ്യൂളിന്റെ ഭാഗമായാണ് നമ്മുടെ സ്‌കൂളിൽ നിന്ന്ഒരു മാഗസിൻ തയ്യാറാക്കുന്നത്. ആയതിനാൽ ഇതിലുള്ള തെറ്റുകൾ സദയം ക്ഷമിച്ച് വിദ്യാർത്ഥികളെ അനുഗ്രഹിക്കുക.

ഈ മാഗസിൻ തയ്യാറാക്കുന്നതിന് സഹകരിച്ച എല്ലാ സഹപ്രവർത്തകർക്കും മറ്റു സുമനസുകൾക്കും നന്ദി.............

എന്ന് സ്നേഹപൂർവ്വം
ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ

# FOUNDER MANEGER



# MESSAGE




*Dear 'Little Kites' Members,*

*Happy to know that "Little Kites" of our school is coming out with a Digital Magazine- "Malarvidarum e- Vasantham".*

*Wishing all the very best.*

**S.Mohan Babu**
**Manager**
**PKSHSS Kanjiramkulam**



# സന്ദേശം



ലിറ്റിൽ കൈറ്റ്സിന്റെ ഡിജിറ്റൽ മാഗസീൻ യഥാർത്ഥത്തിൽ ഒരു വിസ്മയലോകം തന്നെയാണ്. വർണ്ണപുഷ്പങ്ങളും ശലഭങ്ങളും വിസ്മയം തീർക്കുന്ന പ്രായത്ത് കുഞ്ഞുങ്ങളിലേയ്ക്ക് സൈബർ ലോകത്തിന്റെ വാതായനങ്ങൾ തുറന്നു നൽകി. ഈ യുഗത്തിൽ വക്താക്കളാക്കി മാറ്റുന്ന ഈ മാഗസീന് എന്റെ ആശംസകൾ.

പ്രൻസിപ്പൽ
ഡി.എം.മരിയഷീല




# സന്ദേശം



2023-2024 അധ്യായനവർഷത്തിൽ നമ്മുടെ സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് (IT Club)ന്റെ നേതൃത്വത്തിൽ 'മലർ വിടരും e വസന്തം" എന്ന പേരിൽ കുട്ടികളുടെ ഡിജിറ്റൽ വൈഭവങ്ങൾ ഉൾക്കൊള്ളിച്ച് കൊണ്ട് ഒരു ഡിജറ്റൽ മാഗസിൻ തയാറാക്കുന്നതിൽ സന്തോഷിക്കുന്നു. ആധുനിക കാലഘട്ടം ഡിജിറ്റൽയുഗത്തിലേക്ക് പരിവർത്തനം ചെയ്യാൻ ഇത്തരത്തിലുള്ള പ്രവർത്തനങ്ങളിലൂടെ കുട്ടികൾക്ക് സാധിക്കും. ഡിജിറ്റൽ മാഗസീനിൽ വിവിധ കലാസൃഷ്ടികളിലൂടെ ഭാഗമായിത്തീർന്ന എല്ലാ വിദ്യാർത്ഥി വിദ്യാർത്ഥിനികളെയും നേതൃത്വം നൽകുന്ന ഐ. ടി. കോഡിനേറ്റർ ശ്രീമതി . രജിൻപ്രേമ ടീച്ചറിനെയും സഹ ഐ.ടി. കോഡിനേറ്റർ ശ്രീമതി. സോഫിയ ടീച്ചറിനെയും മറ്റ് അദ്ധ്യാപകരെയും അഭിനന്ദിക്കുന്നു. സ്കൂളിന്റെ എല്ലാ വിധ ആശംസകളും നേരുന്നു.

ഹെഡ്മാസ്റ്റർ,
സി.ഷിബു.



# ഉള്ളടക്കം


| Sl.No | പ്രവർത്തനങ്ങൾ | ഇനം |
|---|---|---|
| 1 | സ്ക്കൂൾ പ്രവർത്തനങ്ങൾ | |
| 2 | പാറിപ്പറക്കുന്ന ലിറ്റിൽ കൈറ്റ്സ് | കവിത |
| 3 | അവസ്ഥ | ചെറുകഥ |
| 4 | ഒരു കുഞ്ഞൻ മരത്തിന്റെ കഥ | ചെറുകഥ |
| 5 | ആരോഗ്യം ഉള്ള മനസ്സ് | കഥ |
| 6 | ഭ്രൂമി | കവിത |
| 7 | അരങ്ങിൽ വിരിഞ്ഞ വൈറസ് | കവിത |
| 8 | ആരോഗ്യം | കവിത |
| 9 | എന്തിന്നാധീരത | കവിത |
| 10 | പൂക്കാലം | കവിത |
| 11 | ജലം | കവിത |
| 12 | NATURE | POEM |
| 13 | THE NATURE | SHORT NOTE |
| 14 | കാർട്ടൂൺ ചിത്രങ്ങൾ | |
| 15 | NOTICE | |
| 16 | നന്ദി | |

LITTLE KITES MEMBERS 2022-2025



# EDITORIAL BOARD

**LITTLE KITES MISSTRESS**



**REJINPREMA.R.J**
**HST,NATURAL SCIENCE**



**SOPHIYA.P.N**
**HST,MATHS**

# EDITORIAL BOARD

**EDITORIAL LK MEMBERS**



**AARDRA.S.D**



**SANIYA.S.J**



**ASHNA.S.R**



പ്രവേശനോത്സവം

എല്ലാ വർഷത്തെയും പോലെ ഈ വർഷവും വളരെ വിപുലമായ രീതിയിൽ പ്രവേശനോത്സവം ആഘോഷിച്ചു. ജൂൺ ഒന്നിന് പുതു കൂട്ടുകാരെ വിദ്യാലയത്തിലേക്ക് സ്വീകരിച്ചു.

## ദിനാചരണങ്ങൾ

### പരിസ്ഥിതി ദിനം

**ലോക പരിസ്ഥി ദിനത്തോടനുബന്ധിച്ച് നല്ല നാളെക്കായി മാതൃകയായി കുഞ്ഞുങ്ങൾ.**



# വായനാദിനം

"വായിച്ച വളരു"

വായനാദിനത്തോടനുബന്ധിച്ച് കൊച്ചുകുട്ടുകാർ **പുസ്തകപതിപ്പ്** നിർമ്മിച്ചു .



## അന്തർദേശീയ യോഗ ദിനം

നല്ല തലമുറയ്ക്ക് ആരോഗ്യമുള്ള മനസ്സും ശരീരവും അനിവാര്യമാണ് എന്ന സന്ദേശവുമായി യോഗ ദിനം.



## ലഹരിവിരുദ്ധ ദിനം

ആരോഗ്യമുള്ള തലമുറയ്ക്ക് വെല്ലുവിളിയാകുന്ന ലഹരിക്കെതിരെ പോസ്റ്ററുകൾ നിർമ്മിക്കുകയും നാടകങ്ങൾ അവതരിപ്പിക്കുകയും ചെയ്യുന്ന കുരുന്നുകൾ.






## ഹിരോഷിമ നാഗസാക്കി ദിനം

ഹിരോഷിമ നാഗസാക്കി ദിനത്തോടനുബന്ധിച്ച്
സമാധാന സന്ദേശറാലി , സഡാക്കോ കൊക്ക് നിർമാണം.






## ഫ്രീഡം ഫെസ്റ്റ്

തിരുവനന്തപുരം ടാഗോർ തിയേറ്ററിൽ വച്ച് നടന്ന
ഫ്രീഡം ഫെസ്റ്റിനെക്കുറിച്ചുള്ള അവയർനസ്സ് അസംബ്ലി.













# ഓണാഘോഷം വിവിധ പരിപാടികളിലൂടെ.







## അദ്ധ്യാപക ദിനം

അദ്ധ്യാപകദിനത്തിൽ അദ്ധ്യാപകർക്ക് ആശംസകൾ നേർന്ന് കുട്ടിയദ്ധ്യാപകർ.





## ഗാന്ധി ജയന്തി

പരിസര ശുചീകരണം , പോസ്റ്റർ നിർമാണം.










# കായിക ദിനം

മികച്ച താരങ്ങളെ കണ്ടെത്തുന്നതിനായി കായിക ദിനം ,ആവേശത്തോടെ മത്സരിച്ച് കുഞ്ഞുങ്ങൾ.





## സ്കൂൾ കലോത്സവം

വിവിധ ഇനം കലാമത്സരങ്ങളിൽ ആവേശത്തോടെ തങ്ങളുടെ കഴിവുകൾ അവതരിപ്പിച്ച് താരങ്ങൾ.






## പഠനയാത്ര

കുഞ്ഞുങ്ങളുടെ മാനസിക ഉല്ലാസത്തിനു വേണ്ടി ഒരോ ക്ലബ്ബുകളുടെയും നേതൃത്വത്തിൽ പഠനയാത്ര.








# ശിശുദിനം

ചാച്ചാജിയെ അനുസ്മരിച്ചുകൊണ്ട് ശിശുദിനറാലി.















# റിപ്പബ്ലിക് ദിനം

# ആവേശോജ്ജ്വലമായി

# റിപ്പബ്ലിക് ദിനാഘോഷങ്ങൾ.





# തുടർച്ചയായ നാലാം തവണയും SSLC 100% വിജയം.






KSEB വൈദ്യുതി ദുരുപയോഗത്തെക്കുറിച്ചുള്ള മത്സരങ്ങളിലൂടെ ബോധവത്കരണം,എന്ന പരിപാടിയിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി.






# LITTLE KITES



# *BATCH 2022-25*



# NCC



SGT. Devika
T I C INTER GROUP COMPETITION HELD KOZHIKODE FIRING
GOLD MEDEL WINNER
ദേവിക ഇനി ഡൽഹിയിൽ വച്ച നടക്കുന്ന ഷൂട്ടിംഗ്
മത്സരത്തിൽ കേരളത്തിലെ എല്ലാ എൻ.സി.സി
കേഡറ്റ്സിന്റെയും പ്രതിനിധി ആയി മത്സരിക്കുന്നതാണ്




# SPC





STUDENT POLICE CADET P
SPC
PKSHSS KANJIRAMKU
STUDENT POLICE CADET PROGRAMME
PKSHSS KANJIRAMKULAM
FEED A STOMACH
ഒരു വയറൂട്ടാം




PKSHSS KANJIRAMKULAM
ESTD-1906

# പാറിപ്പറക്കുന്ന ലിറ്റിൽ കൈറ്റ്സ്

******************



പുതിയൊരു ലോകം ഒരു നവ ലോകം
നിർമ്മിച്ചെടുക്കാം നവ തലമുറയ്ക്കായ്
ഈ യുഗത്തിൽ ഈ കമ്പ്യൂട്ടർ യുഗത്തിൽ
പാറിപ്പറക്കാം കുഞ്ഞു പട്ടങ്ങളായ്.

ജിംപിലും ഇങ്ക്സ്കേപ്പിലും ചിത്രങ്ങൾ വരച്ചും,
ഓപ്പൺ ട്യൂൺസിൽ പുതു ചലനങ്ങൾ ഉണ്ടാക്കിയും,
സ്ക്രാച്ചിൽ പുതു കളികൾ നിർമ്മിച്ചും
നിർമ്മിച്ചെടുക്കാം ഒരു നവ യുഗത്തെ.

AI എന്ന നവ വിദ്യയിലൂടെ
ഒരുക്കാം നമുക്കീ തലമുറയെ
MIT-യിലൂടെ നിർമ്മിക്കാം ആപ്പുകൾ
പല വിദ്യകൾക്കായ് പല കളികൾക്കായ്.

ഒരു കുഞ്ഞു പ്രസ്ഥാനമായ് ആരംഭിച്ചു
2018- ൽ ലിറ്റിൽ കൈറ്റ്സ് ,
നിർമ്മിച്ചെടുത്തു കുഞ്ഞുങ്ങളെ
ഈ ഡിജിറ്റൽ യുഗത്തിനായ്.

പാറിപ്പറക്കുന്ന പട്ടങ്ങളായ്
ഡിജിറ്റൽ യുഗത്തിലെ പൈതങ്ങളായ്
മുന്നേറാം നമുക്കൊരു നാളെയ്ക്കായ്
മാതാപിതാക്കൾക്ക് അഭിമാനമായ്.

ആർദ്ര.എസ്.ഡി (9 B),
ശ്രുതി.എസ്.എസ്(9 B)



അവസ്ഥ

അയൽപക്കത്തെ സജി മാമൻ വന്നു എന്ന് അമ്മ പറഞ്ഞപ്പോൾ എന്റെ മനസ്സ് സന്തോഷം കൊണ്ട് നിറഞ്ഞു.കഴിഞ്ഞ വർഷം ലീവിന് ഗൾഫിൽ നിന്ന് വന്നപ്പോൾ എന്തെല്ലാം സാധനങ്ങളാണ് നമുക്ക് തന്നത് '. എന്നോട് ചെസ്സ് കളിയ്ക്കാനും ബൈക്കിൽ സ്ഥലങ്ങൾ കാട്ടിതരാനും ഇഷ്ടമുള്ള സാധനങ്ങളും 'വാങ്ങി നൽകുന്ന മാമൻ. നാവിൽ വച്ചാൽ അലിഞ്ഞ് തീരുന്ന ഉരുളൻ മിഠായി കാണുമോ എന്തോ? ആ മിഠായി തിന്നുമ്പോഴെപ്പോഴും കുഞ്ഞുണ്ണി മാഷിന്റെ കവിത ഓർമ്മയിൽ വരും. എന്താ അച്ഛാ സജി മാമനെ കാണാൻ തിടുക്കത്തിൽ പോകുന്നതാണല്ലോ ? ഇന്ന് എന്ത് പറ്റി'. വിഷമത്തോടെ ഇപ്പോഴൊന്നും പോണ്ടാ 14 ദിവസം കഴിയട്ടെ എന്ന അച്ഛന്റെ മറുപടി കാലം നമുക്ക് നൽകിയ മാറ്റത്തെ വേദനയോടെ ഉൾക്കൊണ്ട് ജനാലയിലൂടെ മാമന്റെ വീടിനെ നോക്കി നെടുവീർപ്പിട്ടു ഞാൻ.



# ഒരു കുഞ്ഞൻ മരത്തിന്റെ കഥ

പണ്ട് പണ്ടൊരു കാട്ടിൽ ഒരു മരമുണ്ടായിരുന്നു. വളരെ പൊക്കം കുറഞ്ഞു ശരീരമാകെ വളഞ്ഞിരിക്കുന്ന ആ മരത്തെ മറ്റു മരങ്ങൾക്കൊക്കെ പുച്ഛമായിരുന്നു. മറ്റു മരങ്ങൾ ഈ മരത്തെ നോക്കി കളിയാക്കുക് പതിവായിരുന്നു. ഒരു ദിവസം മരംവെട്ടുകാരൻ വന്നു. എല്ലാ മരങ്ങളും പേടിച്ചു വിറച്ചു. മരംവെട്ടുകാരൻ ഓരോ മരങ്ങളെയായി വെട്ടി മറിച്ചിട്ടു. അടുത്ത് പൊക്കം കുറഞ്ഞ മരത്തിനടുത്തേക്ക് വന്നു. അപ്പോൾ ഈ മരത്തിനു പേടി തോന്നി. അത് നോക്കിയപ്പോൾ തന്റെ ചുറ്റും നിന്ന മരങ്ങളെയെല്ലാം മുറിച്ചിട്ടിരിക്കുന്നു. മരംവെട്ടുകാരൻ ചിന്തിച്ചപ്പോൾ ഈ മരത്തിനെ മുറിച്ചിട്ട് തനിക്കൊരു പ്രയോജനവും ഇല്ല എന്ന് മനസിലായി. അതുകൊണ്ട് അദ്ദേഹം പൊക്കം കുറഞ്ഞ മരത്തെ മുറിക്കാതെ താൻ മുറിച്ചിട്ട മരങ്ങളുമായി പോയി. താൻ ഒറ്റയ്ക്കായതിൽ കുഞ്ഞൻ മരത്തിനു വിഷമം തോന്നി.




## ആരോഗ്യം ഉള്ള മനസ്സ്

"അമ്മേ അമ്മേ " പതിവ് പോലെ ഉണ്ണി സ്കൂൾ വിട്ട് അമ്മയുടെ അരികിൽ എത്തി . "അമ്മേ വിശക്കുന്നു എനിക്ക് ആഹാരം തരൂ "അവൻ പതിവ് ചോദ്യം ആവർത്തിച്ചു . "ആഹാ നീ എത്തിയോ എന്താ എന്റെ ഉണ്ണിക്ക് വേണ്ടത് നല്ല ചൂട് പഴം പൊരി ഉണ്ട് എടുക്കട്ടെ" . "ങ്ങേ പഴം പൊരി "അമ്മ പറയുന്നത് മുഴുവൻ കേൾക്കാതെ അവൻ അടുക്കളയിലേക്ക് ഓടി പാത്ര ത്തിൽ നിന്ന് ചൂട് പഴം പൊരി എടുത്ത് കഴിക്കാൻ തുടങ്ങി അടുക്കളിൽ എത്തിയ അമ്മ കണ്ടത് കൈ കഴുകാതെ ചൂട് പഴം പൊരി ആർത്തിയോടെ തിന്നുന്ന ഉണ്ണിക്കുട്ടനെ ആയിരുന്നു അമ്മക് ദേഷ്യം വന്നു "എന്താ ഉണ്ണി ഇത് ഞാൻ പലവട്ടം പറഞ്ഞിട്ടില്ലേ ആഹാരം കഴിക്കുന്നതിന് മുമ്പ് കൈ കഴുകണമെന്ന് "അപ്പോഴാണ് അവൻ അമ്മ പറയാറുള്ളത് ഓർത്തത് "നിന്റെ കൈ നീട്ടിക്കെ അമ്മ പറഞ്ഞു "ഉണ്ണിക്കുട്ടൻ ഇരുകൈകളും നീട്ടി എന്താടാ ഇത് അമ്മക്ക് ദേഷ്യം വന്നു കൈ നിറയെ അഴുക്കാണ് "എന്താ നീ വായ് തുറക്കാത്തത് അമ്മ ചോദിച്ചു " സ്കൂൾ വിട്ട് വരുന്ന വഴി പൊട്ടിയ വള , മാങ്ങ ഇതെല്ലാം പെറുക്കി ബാഗിലിട്ട് വരുന്നതാണ് ഉണ്ണിയുടെ ശീലം വഴിയിലുള്ള എല്ലാ അഴുക്കും പൊടിയും അവന്റെ കയ്യിലുണ്ട് പഴംപൊരി തിന്നുന്ന വെപ്രാളത്തിൽ പാവം കൈകഴുകാൻ മറന്നുപോയി അമ്മ ദേഷ്യപ്പെട്ടപ്പോൾഉണ്ണിക്ക് സങ്കടം വന്നു അവൻ പിന്നാമ്പുറത്ത് പോയി ഇരിപ്പായി അമ്മ ആ കുഞ്ഞ് കൈകൾ മെല്ലെ പിടിച്ച് നിവർത്തി എന്റെ ഉണ്ണി കൈകഴുകാതെ ആഹാരം കഴിച്ചാൽ രോഗാണുക്കൾ എല്ലാം ഉള്ളിലേക്ക് പോകില്ലേ ബാക്ടീരിയ വൈറസ് പോലുള്ള സൂഷ്മാണുക്കൾ നമുക്ക് രോഗമുണ്ടാക്കും എന്നാൽ കൈ കഴുകുമ്പോൾ രോഗാണുക്കൾ നശിക്കുകയും രോഗമില്ലാതാവുകയും ചെയ്യും വ്യക്തി ശുചിത്വം പാലിച്ചാലേ നമുക്ക് ആരോഗ്യമുള്ള ശരീരം ഉണ്ടാവൂ ആരോഗ്യമുള്ള ശരീരത്തിൽ ആരോഗ്യമുള്ള മനസ്സുണ്ടാവും അമ്മ പറഞ്ഞത് എല്ലാം അവൻ ശ്രദ്ധയോടെ കേട്ടു ." അമ്മേ ഞാൻ ഇനി കൈ കഴുകിയിട്ടെ ഭക്ഷണം കഴിക്കൂ എനിക്കും വേണം ആരോഗ്യമുള്ള ശരീരം " അവൻ അമ്മയെ കെട്ടിപ്പിടിച്ചു ഉമ്മ നൽകി വീണ്ടും അടുക്കളയിലേക്ക് ഓടി



ഭ്രൂമി

ഭ്രൂമിയാം 'അമ്മ തൻ മടിത്തട്ടിൽ
കിടന്നിട്ടു നിന്നോട് ഞാൻ
ക്രൂരത കാട്ടുന്ന മനുഷ്യ നിന്നോട്
കേഴുന്നു മാപ്പിനായി
പ്രകൃതി സൗന്ദര്യത്തെ തേടുന്നു നാം
എങ്ങു മറഞ്ഞു പോയി സുന്ദര പ്രകൃതി ....
കെട്ടി പൊക്കിയ വൻ സിമെന്റ് കോട്ടകൾ
നിൻ ഹൃദയത്തിൽ ഏൽപിച്ച മുറിവുകൾ
പൊറുക്ക നീ ...
മനുഷ്യചെയ്തികൾ പൊറുത്തു
മാപ്പാക്കണേ....



അരങ്ങിൽ വിരിഞ്ഞ വൈറസ്
നാം ഒന്നായ് നമ്മൾ ഒന്നായ്
നമ്മിൽ ജീവനൊന്നായ്
രോഗിണീ നീയെകീല്ലെന്നിൽ
കോവിഡിൻ മൃത്യുവാം അസ്ത്രരാഗം.........
നിൻ ഗന്ധമെൻ ജീവനാദമെഴുതി
തിരുത്തിയതാണോ............
നീ തൻ വിധിയെഴുതിയതോ
നിൻ രോക്ഷമെന്നിൽ തളിച്ചതോ.........

എനിക്കാകില്ല........എനിക്കാവില്ല........
നിന്നിലേക്ക് മടങ്ങീടാൻ............
അകന്നീടുവിൻ .........
നാഭിതൻ ജീവനേകുവിൻ
വൈദ്യനായ് വന്നവൻ രോഗിയായ് .....
മൊഴിയേകി............
വെള്ളില വള്ളി പടർന്നതു പോൽ നീ
മനുഷ്യദേഹത്തിൽ പന്താട്ടുകയോ........
ശമി തൻ ഗന്ധമറിഞ്ഞതും മാഞ്ഞതും
ക്ഷണ പ്രഭപോലെ........
ലോകമാകെ നിൻ പാദങ്ങളേകിയില്ലെ...........

എനിക്കാകില്ല........എനിക്കാവില്ല........
നിന്നിലേക്ക് മടങ്ങീടാൻ............
അകന്നീടുവിൻ .........
നാഭിതൻ ജീവനേകുവിൻ..........




ആരോഗ്യം

പുഴയിലെ വെള്ളം നന്നായാൽ..
വഴികൾ നല്ല വെടുപ്പായാൽ..
എങ്ങും വന്നിടും ആരോഗ്യം...
എല്ലാവർക്കും സന്തോഷം...
എല്ലാവർക്കും സന്തോഷം...
ചപ്പുകൾ ചുറ്റും നിറയുമ്പോൾ..
ചവറുകൾ ചുറ്റും ചിതറുമ്പോൾ..
കൊതുകും ഈച്ചയും പെരുകീടും..
പല പല രോഗം വന്നിടും..
മലപോൽ ചവറുകൾ ഉയരാതെ...
മാലിന്യങ്ങൾ നിറയാതെ
നാടും വീടും ശുചിയാക്കാം.
നാടും വീടും ശുചിയാക്കാം..
പുഴയിലെ വെള്ളം നന്നായാൽ..
വഴികൾ നല്ല വെടുപ്പായാൽ..
എങ്ങും വന്നിടും ആരോഗ്യം
എല്ലാവർക്കും സന്തോഷം



എന്തിന്നധീരത

എന്തിന്നധീരത ഇപ്പോൾ തുടങ്ങണം
എല്ലാം നമ്മൾ പഠിക്കണം
തയ്യാറാകണം ഇപ്പോൾ തന്നെ
അഞ്ജാസക്തരാക്കണം
കൈ കഴുകണം കാൽ കഴുകണം
ശരീരശ്ശുദ്ധി വേണം നമുക്ക്

പരിസരം ശ്ശുചിയാക്കിടേണം
വീട് വൃതിയാക്കിടേണം
വീട് വൃതിയാകണം
നാട് വൃതിയാക്കിടേണം
നാട് വൃതിയാകണം
കൈ കഴുകണം കാൽ കഴുകണം
ശരീരശ്ശുദ്ധി വേണം നമുക്ക്
നദികൾ വൃതിയാക്കണം
തോട് വൃത്തിയാക്കണം
മരങ്ങൾ നട്ടിടേണം
വനങ്ങൾ സംരക്ഷിക്കേണം
വെട്ടരുത് കാട്ടുകൾ
നട്ടിടേണം മരങ്ങൾ.
ഇപ്പോൾ തുടങ്ങണം
എല്ലാം നമ്മൾ പഠിക്കേണം



# പൂക്കാലം

പൂക്കാലം വന്നേ
പൂക്കൾ വിടർന്നേ
പൂമണം വീശാൻ
പൂങ്കാറ്റും വന്നേ
പാറിപ്പറക്കാൻ തുമ്പികളും
മൂളിപ്പറക്കാൻ വണ്ടുകളും
തേൻ നുകരാൻ ശലഭങ്ങളും
നാടിനെന്നും ആഘോഷമായി
എല്ലാരുമെല്ലാരും കൂടിയപ്പോൾ
പൂവനിയ്ക്കാകെ ഉല്ലാസമായി



ജലം

പച്ച പായൽ കെട്ടിയ കുളമുണ്ട്-
അതിൽ നിറയെ തണുത്ത വെള്ളവും.....
കുഞ്ഞു കുഞ്ഞു മീനുകളും..........
ഒന്നു മുങ്ങി നിവർന്നാൽ തീരാത്ത പാപ-
ങ്ങളുണ്ടോ ഈ ഭൂമിയിൽ.......
ജലം ശുദ്ധമാക്കുന്നത് ശരീരം മാത്രമല്ല
ക്ലാവ് പിടിച്ച് ജ്വലിക്കാതെ കിട-
ക്കുന്ന മനസ്സ് കൂടിയാണ്...............

By,
Jyothish.S.Jacob
Little Kites



## NATURE

The sight of the hills is a beauty.
The bright moon is the sign of purity.
The flow of the rivers is a murmuring music.
The act of the sun is so philanthropic.
The rain and cloud is very refreshing.
The blowing of wind is so soothing
and the roaring of the ocean
has its own reason.
How charming is the
CHANGING OF SEASON!

By,
Midhun.M
Little Kites



## Short Note About
## The Nature

Nature is the creation of natural material and physical world on earth independent on the human activities. The beauty and richness of nature is diverse and massive. Nature provides us with several delicious moments to enjoy and is out life support system. Our basic needs like shelter, water, air etc.are all the gifts from nature. Humans have strong connection and relation with nature. Escaping away in the nature heals the mind soothes our soul. Irrespective of what nature provides us it is also our moral and social responsibility to **NURTURE NATURE**.


**By,**

**Midhun.M(8.A)**



**By,**


**Lekshmi Rana(8.B)**



,

**By,**

**Anupama.P(8.B)**




By,

**Anupama.P(8.B)**



By,
Lekshmi Rana(8.B)



By,
Anupama.P(8.B)



**By,**

**Akhila.L.S(8.D)**



പി.കെ.എസ്.എച്ച്.എസ്.എസ്.കാഞ്ഞിരംകുളം ESTD-1906
FULL A+
പി.ടി.എ യുടെ അഭിനന്ദനങ്ങൾ
100% വിജയം
ഫിസിക്സ് ലാബ്
കെമിസ്ട്രി ലാബ്
ബോട്ടണി ലാബ്
സുവോളജി ലാബ്
കമ്പ്യൂട്ടർ ലാബ്
മാത്സ് ലാബ്
അധ്യാപകദിനത്തിൽ കുട്ടി അധ്യാപകരായി മാറിയ P K S H S S ലെ കുഞ്ഞുങ്ങൾ....
PKSHSS STADIU


A tradition of devotion and dedication in Education
PKSHSS
KANJIRAMKULAM
ESTD: 1906
എല്ലാ റൂട്ടിലേയ്ക്കും
സ്കൂൾ ബസ് സൗകര്യം
എല്ലാ വിദ്യാർത്ഥികൾക്കും അർഹമായ
എല്ലാവിധ സർക്കാർ ആനുകൂല്യങ്ങളും ലഭ്യമാക്കുന്നു.
സ്കോളർഷിപ്പ് പരീക്ഷകൾക്കായി പ്രത്യേക പരിശീലനം
വിവിധ ഭാഷാ ക്ലബ്ബുകൾ, സൗഹൃദ ക്ലബ്ബ്,
കരിയർ ഗൈഡൻസ്, ശാസ്ത്ര സാമൂഹിക ക്ലബ്ബുകൾ
കല, കായിക മത്സരങ്ങൾക്ക് പ്രത്യേക പരിശീലനം,
സ്കൂൾ സ്റ്റേഡിയം
Hi-Tech ക്ലാസ്സ് മുറികൾ, KG മുതൽ STD X വരെ
ഇംഗ്ലീഷ്, മലയാളം മീഡിയം പ്രത്യേകം ക്ലാസ്സുകൾ
അഡ്മിഷൻ
ആരംഭിച്ചു.
STD 5 മുതൽ X വരെ
KG മുതൽ XII വരെ ഒറ്റ ക്യാമ്പസിൽ
അച്ചടക്കത്തിലധിഷ്ഠിതമായ
ക്ലാസ്സ് മുറികൾ
സ്കൂളിന്റെ പ്രധാന സവിശേഷതകൾ
നഴ്സറി വിഭാഗത്തിലും സ്കൂൾ തലത്തിലും പ്രഗത്ഭരും പരിചയ സമ്പന്നരുമായ അദ്ധ്യാപകർ
കുട്ടികളുടെ മാനസികവും കലാപരവും ബുദ്ധിപരവുമായ വളർച്ചയ്ക്ക് അനുയോജ്യമായ ശിക്ഷണം
നൂതന വിദ്യാഭ്യാസ സമ്പ്രദായങ്ങൾക്കനുസൃതമായി അച്ചടക്കത്തിൽ അധിഷ്ഠിതമായ ക്ലാസ്സുകൾ
കായികമികവിനും ഗെയിംസ് പരിശീലനത്തിനും സ്വന്തമായി സ്റ്റേഡിയം
UP, HSS ക്ലാസ്സുകളിലെ കുട്ടികൾക്ക് സംസ്കൃത പഠനം
ഇംഗ്ലീഷ്, മലയാളം, ഹിന്ദി, സംസ്കൃതം ഭാഷകളിൽ നടത്തപ്പെടുന്ന സ്കൂൾ അസംബ്ലി
ഭിന്നശേഷി കുട്ടികൾക്കായി റിസോഴ്സ് ടീച്ചറിന്റെ സേവനം
സൗഹൃദ ക്ലബ്ബിന്റെ സാമൂഹ്യ സേവന പ്രവർത്തനങ്ങൾ, പഠനയാത്രകൾ
ജൈവവൈവിധ്യ പാർക്ക്, ഔഷധ സസ്യത്തോട്ടം, പൂന്തോട്ടം, പച്ചക്കറിത്തോട്ട പരിചരണം
പ്രകൃതിരമണീയമായ ക്യാമ്പസ്
NCC
SPC
JRC
NSS
SCOUTS & GUIDES
LITTLE KITES
+1, +2 SCIENCE, HUMANITIES
ആധുനിക സൗകര്യങ്ങളോട് കൂടിയ ലാബ് സൗകര്യം
കുട്ടികളിലെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനായി USS, NMMS, ഹലോ ഇംഗ്ലീഷ്, സുരീലി ഹിന്ദി, ശ്രദ്ധ, വിദ്യാജ്യോതി, ASAP തുടങ്ങിയവയ്ക്ക് പ്രത്യേകം ക്ലാസ്സുകൾ

# THANK YOU